**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1192** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ; | (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി മുല്ലശേരി കടവിലെ intake well പള്ളിപ്പാട് 50 MLD ജല ശുദ്ധീകരണ ശാല, പള്ളിപ്പാട് മേഖലയിലേക്കുള്ള ജല സംഭരണി തുടങ്ങിയവയുടെ പണികൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തിയായ മുല്ലശ്ശേരി intake കിണറിൽ നിന്നുമുള്ള റോ വാട്ടർ പമ്പിങ് മെയിൻ 800 MS പൈപ്പിന്റെ പ്രവൃത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ മറ്റ് പ്രവർത്തികളെ, അഞ്ചു സോണുകളായി വിഭജിച്ച് എല്ലാ സോണുകളിലെയും ഉപരിതല സംഭരണികൾ, ട്രാൻസ്മിഷൻ മെയിൻ ലൈനുകൾ, പമ്പിങ് മെയിനുകൾ എന്നീ പ്രവർത്തികൾക്കായുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നു. |
| (ബി) | മാന്നാർ മുല്ലശ്ശേരി കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം 900 ഹൈ മോഡുലസ്-ഹൈ ഡെൻസിറ്റി പോളിഎത്തിലീൻ (എച്ച്. എം. -എച്ച്. ഡി. പി. ഇ.) റോവാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ നൽകിയിട്ടും നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ; | (ബി) | മാന്നാർ മുല്ലശ്ശേരി കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം, 800എംഎം MS പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ അംഗീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകവേ, ടെൻഡറിൽ പങ്കെടുത്ത മറ്റൊരു കാരാറുകാരൻ അദ്ദേഹത്തെ ടെൻഡറിൽ അസാധു ആക്കിയ നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ പെറ്റീഷൻ നൽകിയതിനെ തുടർന്ന് ടെൻഡർ നടപടികൾ താത്കാലികമായി നിർത്തിവയ്ക്കേണ്ട സാഹചര്യവും ഉണ്ടായി. തുടർ ന്ന് 15.7.2025 ബഹു. ഹൈക്കോടതിയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് അനുകൂല വിധി വന്നതിനെ തുടർന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ അസാധു ആക്കപ്പെട്ട കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും, തുടർന്ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഈ |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ ടെൻഡർ നടപടികൾക്ക് ഈ കേസിന്റെ തുടർ തീരുമാനങ്ങൾ ബാധകമായിരിക്കുമെന്നും പറഞ്ഞിരുന്നു. തുടർന്ന് പ്രസ്തുത അപ്പീൽ 09.09.2025-ൽ ബഹു. ഹൈക്കോടതി ഡിസ്പോസ് ചെയ്യുകയുമുണ്ടായി. എന്നാൽ ജഡ്ജ്മെന്റിന്റെ പകർപ്പ് ഇതുവരെ ലഭ്യമായിട്ടില്ല. |
| (സി) | ഹരിപ്പാട് മണ്ഡലത്തിൽ നിലനിൽക്കുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഹരിപ്പാട് മണ്ഡലത്തിൽ നിലനിൽക്കുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഹരിപ്പാട് കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പദ്ധതിയുടെ ഭാഗമായിട്ടുള്ള 5 സോണുകളിലെയും ഉപരിതല സംഭരണികൾ, ട്രാൻസ്മിഷൻ മെയിൻ ലൈനുകൾ, പമ്പിങ് മെയിനുകൾ എന്നീ പ്രവൃത്തികൾക്കായുള്ള റീടെൻഡർ നടപടികൾ സ്വീകരിച്ചു. മാന്നാർ മുല്ലശ്ശേരി കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം 800 എംഎം MS പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായുള്ള distribution ലൈനുകളുടെ പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചു വരികയുമാണ്. ഇതിനു പുറമെ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ 7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ പൈപ്പ് ലൈനിന്റെയും പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുണ്ട്. കൂടാതെ മുനിസിപ്പാലിറ്റിയിലെ വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ഒരു പ്രവൃത്തിയും 900 FHTC നൽകുന്ന പ്രവൃത്തിയും അമൃത് 2.0 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ